# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5808 — 09-07-2012-ൽ മറുപടി നൽകേണ്ടിയിരുന്നത്

## തിരുവനന്തപുരം ഗോൾഫ് ക്ലബ്ബ്

| ചോദ്യം<br>ശ്രീ. പി. കെ. ഗുരുദാസൻ<br>ശ്രീ. ബി. സത്യൻ<br>ശ്രീ. വി ശിവൻകുട്ടി<br>ശ്രീ. എസ്. രാജേന്ദ്രൻ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) മുൻ എൽ.ഡി.എഫ് സർക്കാർ ഏറ്റെടുത്ത തിരുവനന്തപുരത്തെ ഗോൾഫ് ക്ലബ്ബ് തിരിച്ച് നൽകുന്നതിന് സർക്കാർ എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ ;<br>ബി) ഈ ആവശ്യമുന്നയിച്ചുകൊണ്ട് മുൻ ക്ലബ്ബ് ഭാരവാഹികൾ സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | എ) & ബി)<br>ട്രിവാൻഡ്രം ഗോൾഫ് ക്ലബ്ബ് കൈവശം വച്ചിരുന്ന സർക്കാർ ഭൂമിയാണ് പ്രസ്തുത ക്ലബുമായി ഉണ്ടായിരുന്ന ലൈസൻസ് ഡീഡ് റദ്ദ് ചെയ്ത് കൊണ്ട് സർക്കാർ ഏറ്റെടുത്തത്. സ്ഥലം ലൈസൻസ് വ്യവസ്ഥയിൽ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ട്രിവാൻഡ്രം ഗോൾഫ് ക്ലബ്ബ് സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ സർക്കാർ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| സി) ക്ലബ്ബ് തിരിച്ച് നൽകുന്നതിന് നിയമവകുപ്പിൽ നിന്നും എന്നാണ് സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത് ; ഇതിൽ ആരാണ് ഒപ്പുവച്ചിട്ടുളളത് എന്ന് വ്യക്തമാക്കുമോ ; | സി) നിയമ വകുപ്പിൽ നിന്നും ഇത് സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടില്ല. |
| ഡി) ഇക്കാര്യത്തിൽ റവന്യൂ വകുപ്പിന്റെയും നിയമ വകുപ്പിന്റെയും നിലപാട് എന്താണെന്ന് വിശദമാക്കുമോ ? | ഡി) വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ സർക്കാർ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ